# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP/P.1/383/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.1/383/2021 തീയ്യതി: 08/04/2021

## ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രമാ രാജൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാക്വിലിൻ.പി.ഡബ്ലിയു, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| അംബിക ഷിബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഫിലിപ്പ്.വൈ | സെക്രട്ടറി | 01-04-2019 | 02-12-2019 |
| | | 17-01-2020 | 06-03-2020 |
| ശ്രീ.രാജീവ്.പി, എച്ച്.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2019 | 16-01-2020 |
| ശ്രീ.ബിന്ദുരാജ്.എം.എ | സെക്രട്ടറി | 07-03-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| ശ്രീമതി രേഷ്മ | കൃഷി ഓഫീസർ | 01-04-2019 |
| ശ്രീ മുഹമ്മദ് നൌഷാദ് | കൃഷി ഓഫീസർ | 04-12-2019 |
| ഡോ.ജോസ് ജോൺ | വെറ്റി.സർജൻ | 01-04-2019 |
| ശ്രീമതി ദീപ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 |
| ശ്രീമതി സുനിഷ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-11-2019 |
| ശ്രീമതി നീതു ചന്ദ്രൻ | അസി.എഞ്ചിനീയർ | 17-07-2019 |
| ശ്രീ ശരവണേശ്വരൻ.എൽ.ആർ | അസി.എഞ്ചിനീയർ(അഡീ.ചാർജ്ജ്) | 27-12-2019 |
| ശ്രീമതി റസിയ ബീവി | വി.ഇ.ഒ | 01-04-2019 |
| ശ്രീ അനീഷ്.എം.എച്ച് | വി.ഇ.ഒ | 01-04-2019 |
| ശ്രീ രാജു.പി | വി.ഇ.ഒ | 05-11-2019 |
| ശ്രീമതി സിനി.എം.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 |
| ശ്രീമതി രാജി.ആർ.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-02-2020 |
| ഡോ.സൌമ്യ ജോസഫ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 |
| ഡോ.ഷിബു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-02-2020 |
| ഡോ.അരുൾ ജ്യോതി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 |
| ഡോ.ജോഷ്മി പ്രതാപൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 |

| | | |
|---|---|---|
| ശ്രീമതി റെജിനാമ്മ ജോസഫ് | ഹെഡ് മിസ്ട്രസ് | 01-04-2019 |
| ശ്രീമതി പ്രീയങ്ക.വി.എസ് | അസി.എഞ്ചിനീയർ | 01-04-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 18-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 19-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം (എ).സി.ആർ പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 18-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Jayakrishna R (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rema Rajan (Audit Officer (HG), On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jaquiline P.W (Senior Grade Auditor, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Preetha (Auditor, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayakrishna R (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 08-04-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2021) | 1-10 |
| 11 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്<br>Written By: Preetha (Auditor, On 25-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ<br>Written By: Preetha (Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-12 |
| 13 | ഗ്രാമസഭ- പ്രവർത്തനം കാര്യക്ഷമമാക്കണം<br>Written By: Jayakrishna R (Asst. Audit Officer, On 23-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-13 |
| 14 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 23-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-14 |
| 15 | ഇ-ടെണ്ടർ ഫീ തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല<br>Written By: Rema Rajan (Audit Officer (HG), On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-15 |
| 16 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: Rema Rajan (Audit Officer (HG), On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-16 |

| | | |
|---|---|---|
| 17 | പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയിട്ടില്ല<br>Written By: Rema Rajan (Audit Officer (HG), On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 03-04-2021) | 1-17 |
| 18 | മരാമത്ത് ബില്ലിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടില്ല.<br>Written By: Rema Rajan (Audit Officer (HG), On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 03-04-2021) | 1-18 |
| 19 | സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ലാപ്സായി, വിനിയോഗിക്കാതെ തുക അവശേഷിക്കുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-19 |
| 20 | സാമൂഹിക സുരക്ഷാ മിഷന് വിഹിതം നല്കൽ-വിനിയോഗവിവരങ്ങൾ ഇല്ല<br>Written By: Jayakrishna R (Asst. Audit Officer, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-20 |
| 21 | തുല്യത പഠനം രേഖകൾ ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-21 |
| 22 | ട്രഷറി ബിൽ ബുക്ക് , പാസ് ബുക്ക്, കാഷ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Rema Rajan (Audit Officer (HG), On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-22 |
| 23 | ആടുവളർത്തൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 03-04-2021) | 1-23 |
| 24 | വൃദ്ധർക്ക് കട്ടിൽ ( എസ് സി ) - ജാതി സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 27-03-2021) | 1-24 |
| 25 | വെറ്റി.സർജൻ രണ്ട് ട്രഷറി ബിൽബുക്കുകൾ അനധികൃതമായി ഉപയോഗിച്ചു<br>Written By: Jaquiline P.W (Senior Grade Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 03-04-2021) | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ-തുടർനടപടി സ്വീകരിക്കണം<br>Written By: Jaquiline P.W (Senior Grade Auditor, On 27-03-2021)<br>Last Updated By: Rema Rajan (Audit Officer (HG), On 03-04-2021) | 1-26 |
| 27 | ലൈബ്രറി സെസ് അടവാക്കിയത് കുറവ്<br>Written By: Jayakrishna R (Asst. Audit Officer, On 27-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയിട്ടില്ല<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 3-1 |
| 2 | മരാമത്ത് ബില്ലിൽ നിന്നും നിയമാനുസൃത കിഴിവുകൾ | 3-2 |

| | | |
|---|---|---|
| | വരുത്തിയിട്ടില്ല.<br>Written By: Rajeev R (Deputy Director, On 08-04-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-03-2021) | 4-3 |
| 4 | വായ്പ, വായ്പ തിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 22-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 18-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 18-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 18-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 18-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-03-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Rajeev R (Deputy Director, On 08-04-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-03-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-03-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

**2019-20** വർഷത്തെ ബജറ്റ് **29.02.2020-** തീയതിയിലെ **1** നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു-

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,84,85,927 | 16,02,40,867 |
| വാർഷിക കണക്ക് പ്രകാരം | 4,53,86,643 | 4,78,37,247 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 19.05.2020 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കാണുന്ന പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബാലൻസ് ഷീറ്റിലെ (ബി4പട്ടിക)ആസ്തി വിവരങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ വിവരങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വസ്തുനികുതി (Residential Buildings) ഇനത്തിലുള്ള 2019-20വർഷത്തെ വരവ്-ബന്ധപ്പെട്ട രജിസ്റ്റർ/രേഖകൾ പ്രകാരം 1032564/-ആണ്. വാർഷിക കണക്കിൽ ഇത് 1004103/-ആണ്. വ്യത്യാസം 28461/-രൂപ. അതേ പോലെ വസ്തുനികുതി (Non-Residential Buildings) ഇനത്തിലുള്ള 2019-20വർഷത്തെ വരവ്-ബന്ധപ്പെട്ട രജിസ്റ്റർ/രേഖകൾ പ്രകാരം 610962/-ആണ്. വാർഷിക കണക്കിൽ ഇത് 559730/-ആണ്. വ്യത്യാസം 51232/-രൂപ. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടിലെ പൊരുത്തക്കേടുകളാണ് വ്യത്യാസത്തിന് കാരണമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.2/22.03.2021)

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16016395 |
| വരവ് | 45386643 |
| ആകെ | 61403038 |
| ചെലവ് | 47837247 |
| നീക്കിയിരിപ്പ് | 13565791 |

### 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | - | 18232972 | 18232972 | 8010002 | 10222970 | ക്യൂ-ബിൽ 1232675/- കിഴിച്ച് 8990295/- ലാപ്സായി |
| വികസന ഫണ്ട്-എസ്.സി.പി | - | 8270588 | 8270588 | 3588069 | 4682519 | ക്യൂ-ബിൽ 1279806/- കിഴിച്ച് 3402713/-ലാപ്സായി |
| വികസന ഫണ്ട്- | - | 98000 | 98000 | 0 | 98000 | ഗുണഭോക്താക്കൾ |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി | | | | | | ഇല്ലാത്തതിനാൽ തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | - | 8896193 | 8896193 | 2718301 | 6177892 | ക്യൂ-ബിൽ 4363012/- കിഴിച്ച് 1814880/-ലാപ്സായി |
| മെയിന്റനൻസ്-റോഡ് | - | 6301000 | 6301000 | 3602011 | 2698989 | ക്യൂ-ബിൽ 2608810/- കിഴിച്ച് 90179/-ലാപ്സായി |
| മെയിന്റനൻസ്-നോൺ റോഡ് | - | 3635000 | 3635000 | 979234 | 2655766 | ക്യൂ-ബിൽ 988400/- കിഴിച്ച് 1667366/-ലാപ്സായി |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 182 | 127605414 | 77 | 34149223 | 16 | 89 | 77, 42% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 36159 | 1172998 | 1209157 | 1209057 | 100 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19029065 | 19029065 | 19029065 | 0 |
| മെറ്റീരിയൽ ചെലവ് | - | 6472260 | 6472260 | 6472260 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95160 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 6634200 | 1260 |
| വിധവാ പെൻഷൻ | 3240000 | 625 |
| വാർദ്ധക്യകാല പെൻഷൻ | 5907900 | 1312 |
| വികലാംഗ പെൻഷൻ | 1366000 | 250 |
| അവിവാഹിത പെൻഷൻ | 172200 | 35 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2021തീയതിയിൽ 3.20-പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20430/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഭൗതിക സൗകര്യങ്ങളും, പൊതുജനസേവന സംവിധാനങ്ങളും മെച്ചപ്പെടുത്തുക വഴി സ്ഥാപനത്തിന് 31.03.2018 മുതൽ മൂന്ന വർഷകാലത്തേക്ക്(30.03.2021വരെ പ്രാബല്യത്തോടെ) ഐ.എസ്.ഒ 9001:2015സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട് (നം.IND/QMS/NAB-C2938/2774).

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. പ്രോജക്ടുകളിൽ അതത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല.ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ വീഴ്ചവന്നിട്ടുണ്ട് (പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്)
4. പൊതുവെ ഫയലുകളിൽ നോട്ട് ഫയൽ പ്രത്യേകം സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാല് അക്കൌണ്ടൻ്റ് ജനറലിൻ്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൻ്റെയും മുൻകാല റിപ്പോർട്ടുകളില് തീർപ്പാകതവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ലഭ്യമായില്ല. അക്കൌണ്ടൻ്റ് ജനറലിൻ്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൻ്റെയും മുൻകാല റിപ്പോർട്ടുകളില് തീർപ്പാകതവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ ,അപേക്ഷകൾ എന്നിവ പരിശോധച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ(കള്ളുഷാപ്പ്) (ക്രമ നം-139),പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികള് സ്വീകരിച്ചതായും വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഇവരിൽ നിന്നും ലൈസൻസ് ഫീസീടാക്കിയിട്ടില്ല.

2)1996 ലെ കേരളാ പഞ്ചായത്ത് രാജ് ( ഫാക്ടറികൾകും വ്യാപാരങ്ങൾകും സംരംഭക പ്രവർത്തനനങ്ങൾകും മറ്റ് സേവനങ്ങൾകും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം എതൊരു വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതേ ചട്ടങ്ങളിലെ ചട്ടം 19 അനുസരിച്ച് താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടികയനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25 % അധിക ഫീസ് ഈടാക്കണമെന്നും നിഷ്കർച്ചിരിക്കുന്നു. എന്നാൽ 2019-20 വർഷത്തിൽ ലൈസൻസ് പുതുക്കാനായി സമർപ്പിച്ച അപേക്ഷകളിൽ ചുരുക്കം ചില അപേക്ഷകളൊഴികെ, ബാക്കിയുള്ളവയെല്ലാം ഫെബ്രുവരി 28 ന് ശേഷമാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. നിശ്ചിത സമയത്തിന് ( ഫെബ്രുവരി 28) ശേഷം സമർപ്പിക്കപ്പെട്ട അപേക്ഷകരിൽ നിന്നും അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ സ്വീകരിച്ച തീയതി | ഈടാക്കിയ ലൈസൻസ് തുക | ഈടാക്കേണ്ടിയിരുന്ന ബിലേറ്റഡ് ഫീസ്(ലൈസൻസ് ഫീസിന്റെ 25% ) | രസീത് നം /തീ |
|---|---|---|---|---|---|
| 1 | ആൽഫിൻ,,ചിറയിൽ,കന്നമ്മ X1/134 | 17/6/19 | 1000 | 250 | 119010100551/17/6/19 |
| 2 | ജ്യോതി വിപിൻ ശരണ്യ,ചിറയകം V/105A | 28/10/19 | 1000 | 250 | 1190101519/ 28/10/19 |
| 3 | പ്രസന്നൻ നാറാണത്ത്,തകഴി | 20/08/19 | 500 | 125 | 119010101061/ 20/08/19 |

| | | | | | |
|---|---|---|---|---|---|
| | X111/347 | | | | |
| 4 | ജിജൻ ജെ<br>വെൺമേലിൽ,ചെക്കിടിക്കാട് പി ഒ<br>1X/324 | 02/07/19 | 500 | 125 | 119010100840/<br>02/07/19 |
| 5 | വി.സുരേഷ്കുമാർ<br>കിഴക്കേപുരയ്ക്കൽ<br>ആമയിട,അമ്പലപ്പുഴ<br>X111/387 | 22/07/19 | 500 | 125 | 119010100974/<br>22/07/19 |
| 6 | സാലിമ്മ വർഗ്ഗീസ്<br>പുത്തൻ വീട്,തെന്നടി<br>1V/112 | 24/7/19 | 500 | 125 | 119010100980/<br>24/07/19 |
| 7 | ഉമ്മർകുഞ്ഞ് പി.എ<br>കുറപ്പൻചേരി,കുന്നമ്മ<br>X11/243 | 16/8/19 | 500 | 125 | 119010100896/<br>16/08/19 |
| 8 | കൃഷ്ണകുമാർ<br>നാലുപറ,തകഴി.പി.ഒ<br>V1/407A | 6/08/19 | 500 | 125 | 119010101027/<br>06/08/19 |
| 9 | അമ്പാടി നാരാണയൻ<br>ഗീതാഞ്ജലി,തകഴി<br>X1V/233B | 21/8/19 | 500 | 125 | 119010101065/<br>21/08/19 |
| 10 | കെ.ബി.വേണുകുട്ടൻ<br>കണിയാന്ത്ര,പടഹാരം<br>X111/333 | 28/8/19 | 500 | 125 | 119010101079/<br>28/08/19 |
| 11 | നാരായണൻ രാജു<br>ഓം വികാസ്,തകഴി<br>V/418 | 19/10/19 | 500 | 125 | 119010101418/<br>19/10/19 |
| 12 | രാജീവ് ആർ<br>ശ്രീഭുവന,കരുമാടി<br>1/57B | 24/10/2019 | 500 | 125 | 119010101430/<br>24/10/19 |
| 13 | ഗോപകുമാർ<br>ശിവമന്ദിരം,തകഴി<br>X1V/186 | 6/11/19 | 500 | 125 | 119010101511/<br>6/11/19 |
| 14 | ഉണ്ണികൃഷ്ണൻ നായർ.വി<br>കൃഷ്ണഗീതം,തകഴി<br>X111/392D | 5/12/19 | 500 | 125 | 119010101980/<br>5/12/19 |

ഇത സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-11/26.03.21ന് മറുപടി ലഭിച്ചിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204(ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും . 2019-20 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരുടെ തൊഴിൽ നികുതി |
|---|---|
| 1 | പോസ്റ്റ് ഓഫീസ്,ചെക്കിടിക്കാട് 2019-2020 രണ്ടാം അർദ്ധവർഷം |
| 2 | പോസ്റ്റ് ഓഫീസ്,K,കേളമംഗലം 2019-2020 രണ്ടാം അർദ്ധവർഷം |

കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന കരാറുകാർ,റേഷൻ കടയുടമകൾ,കള്ളു ഷാപ്പുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 2019-20 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് /വിലാസം |
|---|---|
| 1 | ബിനു കെ,കളപ്പുരക്കൽ,തകഴി |
| 2 | ബിസിൽ മാത്യു,കരിക്കാംപള്ളിയിൽ,ചെക്കിടിക്കാട് |
| 3 | കെ.കൃഷ്ണൻ കുട്ടി,കളപ്പുരക്കൽ,തകഴി |
| 4 | ജിജി മാത്യു,ചുടുകാട്ടിൽ,ചെക്കിടിക്കാട് |
| 5 | കെ.കെ.വർക്കി,കൊച്ചുതെള്ളിയിൽ,മിത്രക്കരി |
| 6 | സുഭാഷ് മോഹനൻ,ഉണ്ടിൽ പറമ്പിൽ,പാണ്ടങ്കേരി |
| 7 | സന്തോഷ് വി എസ്,വട്ടക്കാട്ടു പറമ്പിൽ,തലവടി |
| 8 | അരുൺ ബാബു,മുക്കാട്ടിൽ ചിറ,കുന്നുമ്മ |
| 9 | സുരേഷ് കുമാർ,മണിമന്ദിരം,തകഴി |
| 10 | സിനോജ് ജേക്കബ്,കൊച്ചുപറമ്പിൽ,പുളിക്കുന്ന് |

ഇതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-10/26.03.21ന് മറുപടി ലഭിച്ചിട്ടില്ല.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഗ്രാമസഭ- പ്രവർത്തനം കാര്യക്ഷമമാക്കണം

ഗ്രാമസഭകൾ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചു ചേർക്കേണ്ടതാണ് (1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3.3) എന്നാൽ, 2019-20 വർഷം തകഴി ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിലും (ആകെ 14 വാർഡുകൾ) നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. ആകെ രണ്ട് തവണ മാത്രമാണ് ഗ്രാമസഭകൾ യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 | ക്ലീൻ തകഴി, തൊഴിലുറപ്പ് പദ്ധതി 2020-21 |

| | | |
|---|---|---|
| | നവംബർ | ആക്ഷൻ പ്ലാനും ലേബർ ബജറ്റും തയ്യാറാക്കൽ, വാർഷിക പദ്ധതി അവലോകനവും വരവ് ചെലവ് കണക്കും |
| 2 | 2020 ജനുവരി/ ഫെബ്രുവരി | വാർഷിക പദ്ധതി രൂപീകരണം2020-21, പ്രളയവിഹിതം പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകാരം, മറ്റ് അത്യാവശ്യ കാര്യങ്ങൾ |

ഗ്രാമ സഭയിൽ നിയമാനുസൃതം നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ഇതിനാൽ വീഴ്ച വരുന്നു. ഗ്രാമസഭ കൂടാതെ വരാൻ കാരണമായത് ഉപ തെരഞ്ഞെടുപ്പുകൾ, പാർലമെന്റ് തെരഞ്ഞെടുപ്പ് മുതലായ കാരണങ്ങളാണെന്ന് വിശദീകരിക്കപ്പെട്ടു. തുടർന്ന് പുതിയ ഭരണസമിതി ചുമതലയെടുത്തത് (2020ഡിസംബർ മാസം) വരെയുള്ള കാലയളവിൽ കോവിഡ് പ്രതിസന്ധിമൂലവും യോഗം കൂടാനാകാതെ വന്നിട്ടുണ്ട്. ഭരണ പരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമ സഭയിൽ ചർച്ച ചെയ്ത് അവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭാ യോഗങ്ങൾ നിർദ്ദിഷ്ട ഇടവേളകളിൽ കൂടുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകതകൾ

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും രേഖപ്പെടുത്തലിലും കാണുന്ന പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു:

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കപ്പെടുന്നില്ല. റോഡ് രജിസ്റ്റർ , റോഡ് കണക്റ്റിവിറ്റി മാപ്പ് മുതലായവ സൂക്ഷിച്ചിട്ടില്ല. പുതുതായി വരുന്ന ആസ്തികളുടെ മൂല്യം, നിലവിലുള്ളവയുടെ മൂല്യവർദ്ധന, മൂല്യശോഷണം ഇവ തയ്യാറാക്കിക്കൊണ്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.
2.സ്റ്റോക്ക് രജിസ്റ്റർ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നുണ്ടെങ്കിലും രജിസ്റ്ററിൽ പല ഇനങ്ങൾക്കും ഓരോ വാങ്ങലിനും പ്രത്യേകം സ്റ്റോക്ക് വിതരണങ്ങളാണ് രേഖപ്പെടുത്തി വരുന്നത്. ഓരോ ഇനത്തിലുമുള്ള മുന്നിരിപ്പ്, വരവ്, വിതരണം/ കുറവ് ചെയ്യുന്നത്, നീക്കിയിരിപ്പ് എന്നിവ കാണിച്ചുകൊണ്ടും മതിയായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയും രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

3.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് ആകെ എണ്ണം വ്യക്തമാക്കുന്ന വിധമുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. എ.എം.സി വിവരങ്ങൾ ഉൾപ്പെടുത്തുന്ന രജിസ്റ്ററിൽ കൃത്യമായി എ.എം.സി വിവരം രേഖപ്പെടുത്തുന്നില്ല. വാറന്റി/എ.എം.സി കഴിയുന്ന മുറയ്ക്ക് പുതുക്കുന്നതിനുള്ള സംവിധാനമില്ലാത്തതിനാൽ എ.എം.സി പുതുക്കുന്നതിന് കാലതാമസം വരുന്നുണ്ടെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടു.
4.ഓരോ വാർഡിലും പഞ്ചായത്തിലാകമാനവുമുള്ള സ്ഥാപിതവും പ്രവർത്തനക്ഷമവുമായ വെള്ളടാപ്പുകൾ, തെരുവ് വിളക്കുകൾ ഇവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. ഇവ സംബന്ധിച്ച് ഹാജരാക്കിയ പൊതുവായ കണ്ടിജൻസി രജിസ്റ്ററിൽ ചെലവ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
5.മറ്റ് രജിസ്റ്ററുകൾ: ഇൻകംബൻസി രജിസ്റ്റർ അപൂർണ്ണമാണ്, കൂടുതൽ കാര്യക്ഷമമായി സൂക്ഷിക്കേണ്ടതുണ്ട്. പരാതി രജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തൽ വരുത്തി ആധികാരികമാക്കിയിട്ടില്ല, സ്യൂട്ട് രജിസ്റ്ററിൽ തീർപ്പായ കേസുകളുടെ വിവരങ്ങൾ കുറവ് വരുത്തുകയോ പ്രത്യേകം മാർക്ക് ചെയ്യുകയോ ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധ സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല, സൂചിക സോഫ്റ്റ്‌വെയർ ഉപയോഗിക്കപ്പെടുന്നതിനാൽ പി.ആർ ആവശ്യമായി വരുന്നില്ലെന്ന് വിശദീകരിക്കപ്പെട്ടു. ലൈസൻസ് രജിസ്റ്ററിൽ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്) ബിലേറ്റഡ് ഫീസ് ഈടാക്കുന്നതിന്റെ വിവരം പൂർണ്ണമായി രേഖപ്പെടുത്തപ്പെടുന്നില്ല.

## 1-15 ഇ-ടെണ്ടർ ഫീ തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

28/09/13 തീയതിയിലെ ജി ഒ (എം.എസ് ) 318/2013 ത സ ഭ വ നംപർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇ എം ഡി ,ടെണ്ടർ ഫീ എന്നിവ ഓൺലൈനായി ഒടുക്കുന്നതിന് എൽ എസ് ജി ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൌണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൌണ്ടിൽ അടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 2019-2020 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ലഭിച്ച തുകയുടെ വിവരവും തുക തിരികെ ഗ്രാമ പഞ്ചായത്ത് അക്കൌണ്ടിൽ വന്നതിന്റെ വിവരവും ഓഡിറ്റിൽ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ( നം.8/24-03-21) മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പക്കൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ല.

മെയിന്റനൻസ് ഫണ്ട് (റോഡ് )വിഹിതം 100000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ്

385429/-രൂപയും ഉൾപ്പെടെ 485429/- രൂപ അടങ്കൽ തുകയിൽ പാലച്ചുവട് മുതൽ തെക്കോട്ട് ആറുപറ പാലം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി (Proj.No.S0067/20) തൻവർഷം നടപ്പാക്കിയിരുന്നു.. എസ്റ്റിമേറ്റ് റേറ്റിൽ കരാർ ഏറ്റെടുത്തിരുന്ന ശ്രീ. കെ .കെ വർക്കി എന്ന കരാറുകാരൻ പ്രവൃത്തി 11/10/19തീയതിയിൽ പൂർത്തീകരിക്കുകയും ഫൈനൽ ബിൽ തുക 09/12/19 തീയതിയിൽ നൽകുകയും ചെയ്തു. ( M G( R )-100000/-, CFC Grant.375793/- ). പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിനായി കോൺക്രീറ്റ് ചെയ്ത ഭാഗം വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ചതായി കരാറുകാരൻ അസി.എഞ്ചിനീയറെ അറിയിച്ചുകൊണ്ടുള്ള കത്ത് ഫയലിലുൾപ്പെടുന്നു.(Dt.06/12/19 ).പ്രസ്തുത വിഷയം തുടർ നടപടിയ്ക്കായി അസി.എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായി കാണുന്നു.(കത്ത് നം.14/19/AE/LSGD/TKY. Dt06/12/19 ).ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെയും ഈടാക്കിയ റോഡ് കട്ടിംഗ് ചാർജ്ജിന്റേയും വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 1 Dt 19-03-21 ) ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയിട്ടില്ല

2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള താഴെ ചേർക്കുന്ന റോഡ് ടാറിംഗ് വേലകൾക്ക് കരാറുകാരന് തുക നൽകിയതിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ ചേർക്കുന്നു. (അപാകതയ്ക്ക് മറുപടി നൽകുണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം. 09/ 26-03-21 ) മറുപടി നൽകിയിട്ടില്ല). ബില്ലിൽ കുറവു വരുത്താതിരുന്ന കാലി ബാരലിന്റെ വില ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ് / കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക (ബാരലിന് 250/- രൂപ പ്രകാരം ) | റിമാർക്സ് |
|---|---|---|---|
| (1)RO Plantമുതൽ റെയിൽ വേ ലൈൻ വരെ റോഡ് ടാറിംഗ്. (Proj.No.So022/19 )<br>കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക.632771/-<br>M.Book No.226/18-19 | SS1-608.39 Kg - 4<br>RS1-196.83kg -1<br>VG30 -1510.23 Kg - 10<br>ആകെ ബാരലിന്റെ എണ്ണം - 15 | 3750 | ബിൽ ബുക്ക് , പാസ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതതിനാൽ തുക നൽകിയത് സംബന്ധിച്ച് ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| (2)കളിയിക്കൽ പാലം മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ് | SS1-205.35kg - 1<br>RS1-66.43kg -1<br>VG30 - 509.72kg - 4<br>ആകെ ബാരലിന്റെ എണ്ണം - 6 | 1500 | ടി<br>പ്രവർത്തിയിലെ മറ്റ് അപാകതകൾ ഖ.1.18-ൽ പരാമർശിക്കുന്നു. |
| തകഴി സ്മാരകം റോഡിൽ പുത്തൻ പറമ്പ് മുതൽ പുളിവേലിപ്പറമ്പ് വരെ റോഡ് ( Proj.No.Soo.60/19 ) | SS1-341.7kg - 2<br>RS1-110.55kg -1<br>VG30 - 848.22 Kg - 6 ആകെ ബാരലിന്റെ | 2250 | Do |

| | | | |
|---|---|---|---|
| കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക - 1 Part Bill-252550 Dt 05/04/19<br>2nd Part Bill Dt 27/06/19<br>Rs.135126/-<br>M.Book 253/18-19 | എണ്ണം - 9 | | |
| അഞ്ചിൽ മുതൽ സി എസ് ഐ പള്ളി വരെ റോഡ് ടാറിംഗ് (Proj.No Soo 28/19 )കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക – 530215 /- | SS1-487.05 Kg – 3<br>RS1 – 157.575 Kg – 1<br>VG-30-1209.O3 Kg-8<br>ആകെ ബാരലിന്റെ<br>എണ്ണം - 12 | 3000 | Do |
| ആകെ | | 10500 | |
| | | | |

## 1-18 മരാമത്ത് ബില്ലിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടില്ല.

പ്രവൃത്തിയുടെ പേര് - കളിയിക്കൽ പാലം മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ് ( Proj. No SOO79/20 )

അടങ്കൽ തുക

M G ( R ) - 19327

CFC Grant – 230673

ആകെ - 250000

കരാറുകാരൻ - ശ്രീ.ജിജി മാത്യൂ

എം ബുക്ക് നം 175/19-20

എഗ്രിമെന്റ് നം.13/AE/ LSGD/TKY/2019-20 Dt.18-11-19

ബിൽ വിവരം - Rs. 19327/- Bill Dt 28-02-20

മേൽ പ്രവൃത്തിയുടേതായി 220765/- രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കിയത് ( 1st And Final Bill ),പ്രവൃത്തിയ്ക്കായി വകയിരുത്തിയിരുന്ന മെയിന്റനൻസ് ഗ്രാന്റ് വിഹിതം 19327/- രൂപ നൽകുന്നതിന് 28/02/20 തീയതിയായി തയ്യാറാക്കിയ ബില്ല് എന്നിവയാണ് ഫയലിൽ ഉൾപ്പെടുന്നത്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി, KBOCWWF

എന്നിവയും പ്രവൃത്തിയ്ക്കായി ഉപയോഗിച്ച പാക്ഡ് ബിറ്റുമിൻ കാലി വീപ്പയുടെ വിലയും കുറവ് ചെയ്തു കാണുന്നില്ല. ന്യൂനതയ്ക്ക് വിശദീകരണം നൽകുന്നതിനും ഫൈനൽ ബിൽ വിവരം (ബിൽ നംപർ തീയതി എന്നിവ ) അറിയിക്കുന്നതിനും ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും (നം.12 Dt 26-03-21) മറുപടി

നൽകിയില്ല. ആദായനികുതി, KB& OCWWFഎന്നീ ഇനങ്ങളിൽ ഓരോന്നിനും 2208/-രൂപ വീതം ഈടാക്കി അതാത് ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| ബിറ്റുമിൻ ഇനം | ഉപയേഗിച്ച ടാറിന്റെ അളവ് | ബാരൽ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|
| SS1 | 205.35 KG | 1 | 250 |
| RS1 | 66.43 KG | 1 | 250 |
| | | | |

| | | | |
|---|---|---|---|
| VG 30 | 509.72 KG | 4 | 1000 |

## 1-19 സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ലാപ്സായി, വിനിയോഗിക്കാതെ തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന് സ്വച്ഛ് ഭാരത് മിഷൻ പ്രകാരം12 ലക്ഷം രൂപ 2017-18ൽ (ചെക്ക് നം.949619/28.09.2017പ്രകാരം) ലഭിച്ചതിൽ 8ലക്ഷം രൂപ വൌച്ചർ നം.21900448/31.10.19 പ്രകാരം തൻവർഷം തിരിച്ചടച്ചതായി കാണുന്നു. പദ്ധതിയിൽ 10%ന് താഴെ മാത്രം ചെലവ് വന്നിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക തിരിച്ചടയ്ക്കാൻ ബഹു.ജില്ലാ കളക്ടർ നിർദ്ദേശിച്ചതിൻ പ്രകാരമാണ് തുക തിരിച്ചടച്ചു കാണുന്നത്.

ഇത് മൂലം ഗ്രാമപഞ്ചായത്തിന് ആസൂത്രണം ചെയ്ത് ഏറ്റെടുത്ത മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം എന്ന പ്രോജക്ട് (2019-20ലെ 184/20-നമ്പർ)ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ പ്രകാരം ലഭിച്ച 12ലക്ഷത്തിൽ 4ലക്ഷം രൂപ നിലവിൽ വിനിയോഗിക്കപ്പെടാതെ ഡി.സി.ബി തനത് ഫണ്ടിൽ അവശേഷിക്കുകയാണെന്ന് മറുപടി നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന 4ലക്ഷം രൂപ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നത് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കാൻ ഉചിതമായ സ്ഥലം കണ്ടെത്താൻ കഴിയാതെ വന്നതിനാലാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രോജക്ട് വരുന്ന വർഷം പൂർത്തീകരിക്കുന്നതാണെന്നും മറുപടി നല്കി.

ചെലവ് 10%-ത്തിലും കുറയാനിടയായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. കേന്ദ്രഫണ്ട് ലാപ്സായ സാഹചര്യം ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതും കേന്ദ്രഫണ്ടിൽ നിന്ന് തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക നിർദ്ദിഷ്ട പ്രോജക്ടിനായി പൂർണ്ണമായും വിനിയോഗിക്കേണ്ടതുമാണ്.

## 1-20 സാമൂഹിക സുരക്ഷാ മിഷന് വിഹിതം നല്കൽ-വിനിയോഗവിവരങ്ങൾ ഇല്ല

സെക്രട്ടറി നിർവ്വഹിച്ച, 'സാമൂഹിക സുരക്ഷാ മിഷന് വിഹിതം നല്കൽ' (പ്രോജക്ട് നം.3/20)എന്ന പ്രോജക്ടിൽ, വികസനഫണ്ടിൽ(ജനറൽ)നിന്ന് 2,00,000/-രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നു.

(ബിൽ റഫ നം.1906035201620037483З/23.07.2019)

തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിനിയോഗവിവരങ്ങൾ, കൈപ്പറ്റ് വിവരം എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ടി രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/22.03.21)നല്കിയ മറുപടിയിൽ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-21 തുല്യത പഠനം രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : പ്രധാന അദ്ധ്യാപിക, ഗവ.എൽ.പി.എസ് തെന്നടി

ഹയർസെക്കന്ററി തുല്യതാ കോഴ്സ് (S0047/20) പ്രോജക്ട് പ്രകാരം 25000/- രൂപ (വികസന ഫണ്ട് ) വകയിരുത്തി പഠിതാക്കളുടെ ഫീസിനത്തിൽ 25000/- രൂപ (ബിൽനം. 2/5.10.19) കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖകൾ, പഠിതാക്കൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല, .പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക് മറുപടി ഹാജരാക്കിയില്ല. മേൽക്കാരണങ്ങളാൽ തുക 25000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ട്രഷറി ബിൽ ബുക്ക് , പാസ് ബുക്ക്, കാഷ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

2019-2020 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ , എൽ എസ് ജി ഡി ,തകഴി ഉപയോഗിച്ചിരുന്ന ട്രഷറി ബിൽ ബുക്ക്, കാഷ് ബുക്ക് ട്രഷറി പാസ് ബുക്ക് ,എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ 26-,03-21 ന മുൻപായി രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.4/23-03-21 )ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റിൽ ഹാജരാക്കിയ ഫയലുകളിൽ ഉൾപ്പെട്ടിരുന്ന ബിൽ പകർപ്പിലെ വിവരങ്ങൾ,സാംഖ്യ ചെലവ്പത്രികയിലെ വിവരം എന്നിവയാണ് ചെലവ് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത്. ട്രഷറി ബിൽ ബുക്ക്, പാസ് ബുക്ക് , കാഷ് ബുക്ക് എന്നിവ നഷ്ടപ്പെട്ടത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 1-23 ആട്ടുവളർത്തൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ

വെറ്റിനറി സർജ്ജൻ നടപ്പാക്കിയ ആട്ടുവളർത്തൽ പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആട്ടുകളെ ജി ഫാം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.എന്നാൽ വില നിശ്ചയിച്ചതായി കാണുന്നില്ല. അതുപോലെ ക്വട്ടേഷൻ / ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. മാത്രമല്ല പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അംഗീകാരത്തോടെയാണോ ഈ തീരുമാനം എടുത്തിട്ടുള്ളത് എന്ന് വ്യക്തമല്ല .പദ്ധതിമാർഗ്ഗ രേഖ പ്രകാരം ആട്ടുകളുടെ ആരോഗ്യവും ഗുണനിലവാരവും വെറ്റിനറി സർജൻ ഉറപ്പുവരുത്തണമെന്നും വിതരണ സമയത്ത്

ആട്ടിൻകുട്ടികളുടെ തൂക്കം നോക്കി വെറ്ററനറി സർജൻ ഗുണഭോക്താക്കളെ ബോദ്ധ്യപ്പെടുത്തണമെന്നും നിഷ്കർഷിച്ചിരുന്നു. ഇത് ചെയ്തിട്ടില്ല.

2) ആട് വളർത്തൽ ജനറൽ പദ്ധതിയിൽ ( പ്രൊ. നം 46/19 ) 15 ആടുകളെ വാങ്ങിയിട്ടുണ്ട് .( ബിൽ നം 6/19-20 /31.12.19 ) അതിൻ പ്രകാരം 90 ,000 /- രൂപ ജി ഫാം ഉടമ ശ്രീ.ഗോപിയുടെ അക്കൌണ്ടിലേക്ക് നൽകിയതായി കാണുന്നു .കൈപ്പറ്റ് രസീത് , വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ്.

2)ചുവടെ ചേർക്കുന്നവ പ്രകാരം വെറ്ററിനറി ഡോക്ടർ ട്രഷറി മുഖേന 491000/-രൂപയുടെ ബില്ലുകൾ മാറിയിട്ടുണ്ട്

| ട്രഷറി ബിൽ നം | തുക |
|---|---|
| 1/19-20 /30.4.19 | 162000 /- |
| 2/19-20 /12 .7.19 | 275000 /- |
| 3/19-20 / 12.7.19 | 54000 /- |

എന്നാൽ ചെലവിനാധാരമായ ബില്ലുകളും വൌച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.03.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 4,91,000 /- തടസ്സപ്പെടുത്തുന്നു.

## 1-24 വൃദ്ധർക്ക് കട്ടിൽ ( എസ് സി ) - ജാതി സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നം - S0209 /20

അടങ്കൽ - 195750 /- (വികസനഫണ്ട് എസ് സി പി )

ബിൽ നം - 10 /19- 20 /16.03.20 , 195705 /-

മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ തങ്കമ്മ അറുപതിൽച്ചിറ കരുമാടി എന്ന ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് (നം. 6/24.03.2020) രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നല്കിയത്.

## 1-25 വെറ്റി.സർജൻ രണ്ട് ട്രഷറി ബിൽബുക്കുകൾ അനധികൃതമായി ഉപയോഗിച്ചു

വെറ്റി.സർജൻ 2019-20വർഷം രണ്ട് ട്രഷറി ബിൽബുക്കുകൾ ഉപയോഗിച്ചിരുന്നതായി കാണുന്നു. ഇതിൽ ആദ്യം ഉപയോഗിച്ച് വന്നിരുന്നത് ട്രഷറി ബിൽബുക്ക് നം.JD.20523 ആണ്(ഉപയോഗ തീയതി 30.04.2019മുതൽ) തുടർന്ന് ടി ബിൽബുക്കിൽ പേജുകൾ അവശേഷിക്കെ തന്നെ മറ്റൊരു ബിൽബുക്ക് കൂടി ഉപയോഗിച്ചതായി കാണുന്നു(നം.JD.20563/ ബുക്കിന്റെ ഉപയോഗതീയതി ഇല്ല, ഇതിൽ ബിൽ സമർപ്പിച്ചത് 15.01.20ലാണ് ട്രഷറി ഓഫീസർ പാസ്സാക്കിയിട്ടുള്ളത്, ബിൽ സമർപ്പിക്കുന്ന തീയതി ബിൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല). ആദ്യം ഉപയോഗിച്ച് വന്നിരുന്ന ബിൽബുക്കിൽ വീണ്ടും, അടുത്ത സാമ്പത്തിക വർഷമായ2020-21ലെ ബില്ലുകൾ സമർപ്പിച്ചതായും അവ പാസ്സാക്കിയതായും കാണുന്നു. 2020-21ൽ നിലവിൽ ഉപയോഗിച്ച് വരുന്ന ബിൽ ബുക്ക് നം.20576ആണ് ആയത് 28.02.2020മുതൽ ഉപയോഗത്തിലുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിക്കാണുന്നു. ഇതിൽ ഉൾപ്പെടുത്തേണ്ടുന്ന ബില്ലുകളാണ് പഴയ ട്രഷറി ബിൽബുക്കിൽ ഉൾപ്പെടുത്തിയത്.

പഴയ ട്രഷറി ബിൽബുക്കിൽ ചേർത്ത് മാറിയ തുകയുടെ വിവരം:

ബിൽ നം.4/2021 തുക 150000/-& ബിൽ നം.5/2021 തുക 270000/-

ആദ്യ ട്രഷറി ബിൽ ബുക്ക് നഷ്ടപ്പെട്ടപ്പോഴാണോ പുതിയ ട്രഷറി ബിൽ ബുക്ക് ലഭിച്ചതെന്ന് വ്യക്തതയില്ല. ട്രഷറി ബിൽബുക്ക് നഷ്ടമാകുകയും തിരിച്ചുകിട്ടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, ചട്ടപ്രകാരം (കേരള ട്രഷറി കോഡ് റൂൾ 223) സ്വീകരിക്കേണ്ട നടപടികൾ യാതൊന്നും സ്വീകരിച്ചതായി കാണുന്നില്ല, ട്രഷറി ബിൽ ബുക്കിൽ ഇതിൻ പ്രകാരം വരുത്തേണ്ടുന്ന രേഖപ്പെടുത്തലുകൾ നടത്തുന്നതായും കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് 27.03.21-ൽ ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും(എൻക്വയറി നം.14)മറുപടി ലഭിച്ചിട്ടില്ല.

## 1-26 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ-തുടർനടപടി സ്വീകരിക്കണം

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ആദ്യ ഗഡുവായി 40000/-രൂപ വീതം ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവനനിർമ്മാണം ആരംഭിക്കുകയുണ്ടായിട്ടില്ലെന്ന് കാണുന്നു.

| ഗുണഭോക്താവിന്റെ | ബിൽ നം. | അഭിപ്രായം |
|---|---|---|
| | | |

| | | |
|---|---|---|
| പേര് | | |
| മോഹൻദാസ് മുട്ടിത്തറ, കുന്നമ്മ,തകഴി | 1806035205600387953/31.07.18 | 01.07.2018ൽ ആദ്യഗഡു വാങ്ങി. |
| സജിത.എ, പുഷ്പമംഗലം, കുന്നമ്മ, തകഴി | 1806035205601263736/26.12.19 | വസ്തുസംബന്ധമായ പ്രശ്നങ്ങൾ മൂലം തുക തിരിച്ചടയ്ക്കാമെന്ന് ഗുണഭോക്താവ് പറഞ്ഞിട്ടുള്ളതായി വി.ഇ.ഒ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

ഭവന നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയില്ലെന്ന് അറിയിച്ച ഗുണഭോക്താവിന് നല്കിയ തുക തിരികെ ഈടാക്കേണ്ടതും ആദ്യഗഡുവാങ്ങിയെങ്കിലും പ്രവർത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താവ് പ്രവർത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 ലൈബ്രറി സെസ് അടവാക്കിയത് കുറവ്

ലൈബ്രറി സെസ് തുക 2019-20(രണ്ട് അർദ്ധവർഷങ്ങളിലെയും ഒന്നിച്ച്) ആകെ 77913/-രൂപ വൌച്ചർ നം.21900913/31.03.20 പ്രകാരം സംസ്ഥാന ലൈബ്രറി കൌൺസിലിലേക്ക് അടച്ച് കാണുന്നു. വാർഷിക കണക്ക് പ്രകാരം(ആർ.പി.43)വസ്തു നികുതികളക്ഷൻ(കുടിശ്ശിക+തൻവർഷം) 1608820/-രൂപയാണ്. അതിനനുസൃതമായി 80441/-രൂപയാണ് ലൈബ്രറി സെസ് അടവാക്കേണ്ടിയിരുന്നത്. 2528/-രൂപ കുറവാണ് അടച്ചിട്ടുള്ളതെന്ന് കാണുന്നു. തുക ലൈബ്രറി കൌൺസിലിലേക്ക് അടയ്ക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്(നം.13/26.03.21) മറുപടി നല്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ - ബാരൽ വില ഈടാക്കിയിട്ടില്ല

2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പാക്ഡ് ബിറ്റുമിൻ ഉപയോഗിച്ചുള്ള താഴെ ചേർക്കുന്ന റോഡ് ടാറിംഗ് വേലകൾക്ക് കരാറുകാരന് തുക നൽകിയതിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ ചേർക്കുന്നു. (അപാകതയ്ക്ക് മറുപടി നൽകുണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം. 09/ 26-03-21 ) മറുപടി നൽകിയിട്ടില്ല). ബില്ലിൽ കുറവു വരുത്താതിരുന്ന കാലി ബാരലിന്റെ വില ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ് / കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക (ബാരലിന് 250/- രൂപ പ്രകാരം ) | റിമാർക്സ് |
|---|---|---|---|
| (1)RO Plantമുതൽ റെയിൽ വേ ലൈൻ വരെ റോഡ് ടാറിംഗ്. (Proj.No.S0022/19 )<br>കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക.632771/-<br>M.Book No.226/18-19 | SS1-608.39 Kg - 4<br>RS1-196.83kg -1<br>VG30 –1510.23 Kg - 10<br>ആകെ ബാരലിന്റെ എണ്ണം - 15 | 3750 | ബിൽ ബുക്ക് , പാസ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതതിനാൽ തുക നൽകിയത് സംബന്ധിച്ച് ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് |

| | | | |
|---|---|---|---|
| (2)കളിയിക്കൽ പാലം മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ് | SS1-205.35kg - 1<br>RS1-66.43kg -1<br>VG30 – 509.72kg – 4<br>ആകെ<br>ബാരലിന്റെ<br>എണ്ണം - 6 | 1500 | ടി<br>പ്രവർത്തിയിലെ മറ്റ് അപാകതകൾ ഖ.1.18-ൽ പരാമർശിക്കുന്നു. |
| തകഴി സ്മാരകം റോഡിൽ പുത്തൻ പറമ്പ് മുതൽ പുളിവേലിപ്പറമ്പ് വരെ റോഡ് ( Proj.No.Soo.60/19 )<br>കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക - 1 Part Bill-252550 Dt 05/04/19<br>2nd Part Bill Dt 27/06/19<br>Rs.135126/-<br>M.Book 253/18-19 | SS1-341.7kg - 2<br>RS1-110.55kg -1<br>VG30 – 848.22 Kg – 6 ആകെ ബാരലിന്റെ<br>എണ്ണം - 9 | 2250 | Do |
| അഞ്ചിൽ മുതൽ സി എസ് ഐ പള്ളി വരെ റോഡ് ടാറിംഗ് (Proj.No Soo 28/19 )കരാറുകാരൻ- ശ്രീ.കെ. കൃഷ്ണൻകുട്ടി.<br>നൽകിയ തുക – 530215 /- | SS1-487.05 Kg – 3<br>RS1 – 157.575 Kg – 1<br>VG-30-1209.O3 Kg-8<br>ആകെ<br>ബാരലിന്റെ<br>എണ്ണം - 12 | 3000 | Do |
| ആകെ | | 10500 | |
| | | | |

## <u>3-2 മരാമത്ത് ബില്ലിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടില്ല.</u>

പ്രവൃത്തിയുടെ പേര് - കളിയിക്കൽ പാലം മുതൽ മൂലയിൽ പാലം വരെ റോഡ് ടാറിംഗ് ( Proj. No SOO79/20 )

അടങ്കൽ തുക

M G ( R ) - 19327

CFC Grant – 230673

ആകെ - 250000

കരാറുകാരൻ - ശ്രീ.ജിജി മാത്യൂ

എം ബുക്ക് നം 175/19-20

എഗ്രിമെന്റ് നം.13/AE/ LSGD/TKY/2019-20 Dt.18-11-19

ബിൽ വിവരം - Rs. 19327/- Bill Dt 28-02-20

മേൽ പ്രവൃത്തിയുടേതായി 220765/- രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കിയത് ( 1st And Final Bill ),പ്രവൃത്തിയ്ക്കായി വകയിരുത്തിയിരുന്ന മെയിന്റനൻസ് ഗ്രാന്റ് വിഹിതം 19327/- രൂപ നൽകുന്നതിന് 28/02/20 തീയതിയായി തയ്യാറാക്കിയ ബില്ല് എന്നിവയാണ് ഫയലിൽ ഉൾപ്പെടുന്നത്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി, KBOCWWF

എന്നിവയും പ്രവൃത്തിയ്ക്കായി ഉപയോഗിച്ച പാക്ഡ് ബിറ്റുമിൻ കാലി വീപ്പയുടെ വിലയും കുറവു ചെയ്തു കാണുന്നില്ല. ന്യൂനതയ്ക്ക് വിശദീകരണം നൽകുന്നതിനും ഫൈനൽ ബിൽ വിവരം (ബിൽ നംപർ തീയതി എന്നിവ ) അറിയിക്കുന്നതിനും ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും (നം.12 Dt 26-03-21) മറുപടി

നൽകിയില്ല. ആദായനികുതി, KB& OCWWFഎന്നീ ഇനങ്ങളിൽ ഓരോന്നിനും 2208/-രൂപ വീതം ഈടാക്കി അതാത് ശീർഷകത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| ബിറ്റുമിൻ ഇനം | ഉപയേഗിച്ച ടാറിന്റെ അളവ് | ബാരൽ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|
| SS1 | 205.35 KG | 1 | 250 |
| RS1 | 66.43 KG | 1 | 250 |
| VG 30 | 509.72 KG | 4 | 1000 |

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2230656 | ലൈഫ് | 820000 | 1410656 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | മിൽക്ക് ഇൻസെന്റീവ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 172826 | പാലിയേറ്റീവ് | 172750 | 76 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 184837 | എസ്.എൻ.പി | 174978 | 9859 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ഐ.സി.ഡി.എസ്-എം.ആർ,പി.എച്ച് | 72300 | 27700 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അഗതി ആശ്രയ | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 306135 | ലൈഫ് | 300000 | 6135 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ന്യൂട്രീഷൻ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 580000 | അംഗൻവാടി നിർമ്മാണം | 0 | 580000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 130/8-2-2019<br>195/20-3-2019 | 1300000.00<br>95285.00 | 0<br>95285.00 | 1300000.0<br>(തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന് വാക്കാൽ അറിയിച്ചു. വിനിയോഗരേഖകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്) |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 23/18-19 Dt.9-3-2019 | 1290000.00 | 0 | 1290000.00 (തുക 70% ചെലവഴിച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ, വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഹഡ്കോ ലോൺ വായ്പയിനത്തിൽ 4220000/-രൂപ വരവുണ്ട്. മുൻബാക്കി 11624195/- രൂപയടക്കം 15844195/- രൂപ വായ്പ വരവ്. തൻവർഷം 4140000/- രൂപ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ജി.ഒ പ്രോജക്ടിലൂടെ ലോൺ തിരിച്ചടവ് 1220588/-രൂപ(മുൻവർഷം-2018-19ൽ തിരിച്ചടവ് ഇല്ലായിരുന്നു)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | GO(Ms)No.10/18 Dt.30.07.18 | 4220000 | 11624195 (തൻവർഷത്തെ കൂടി ചേർത്ത് ആകെ:15844195)/- | 1220588 ജി.ഒ പ്രോജക്ടുകൾ പ്രകാരം | സംസ്ഥാന സർക്കാർ വഹിക്കുന്നു. | 14623607 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 19909/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2016-17 | 2-1എ | 79 | ശോഭന തെക്കേടത്ത് | 119010100315/13.5.19 |
| ടി | ടി | 2862 | അസി.മാനേജർ കേരള സ്റ്റേറ്റ് വെയർഹൗസ് കോർപ്പറേഷൻ | 119010500001/04.05.19 |
| ടി | ടി | 292 | ശാരദാമ്മ, ഗിരീഷ് ഭവൻ, തകഴി | 119010100247/4.5.19 |
| 2017-18 | 3-8 | 5954 | | 119010101225/26.9.19 |
| ടി | ടി | 6000 | കെ.കെ.വർക്കി,പി.ഡബ്ലി.യു കോൺട്രാക്ടർ | 119010102444/4.2.20 |
| ടി | ടി | 4720 | രമേഷ്.വി.ദേവ് തൈഭാഗം | 119010102788/6.3.20 |
| ടി | ടി | 2 | മുഹമ്മദ് റഷീദ്, മുൻ എൽ.ഡി.ക്ലാർക്ക് | 119010102039/9.12.19 |
| | ആകെ തുക: | 19909 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം,ഖണ്ഡിക നം. | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2002-2003 ഖ.2-3 | ഖ.3.26.1 | 2007-2008 | സമ്പൂർണ്ണശുചിത്വ പദ്ധതിയിലെ ധനദുർവിനിയോഗം | ഉത്തരവാദിയായ വി.ഇ.ഒ ക്കെതിരെ ആർ.ആർ.നടപടികൾ സ്വീകരിച്ചു. |
| 2002-2003 ഖ.2-9 | ഖ.3.21.2 | 2007-2008 | രേഖകൾ ഹാജരാക്കാതിരുന്നത് 13500/- രൂപ | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45386643 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47837247 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 716000/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 10500 | പ്രിയങ്ക.വി.എസ്, അസി.എഞ്ചിനീയർ |
| 3-2 | | 1500 | ശരവണേശ്വരൻ, അസി.എഞ്ചിനീയർ |
| | | 12000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-20 | 200000 | ഫിലിപ്പ്.വൈ, സെക്രട്ടറി |
| 1-21 | 25000 | റെജിനാമ്മ ജോസഫ്, എച്ച്.എം |
| 1-23 | 491000 | ഡോ.ജോസ് ജോൺ, വെറ്റി.സർജൻ |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 1.18 പ്രകാരം,

കേന്ദ്രസർക്കാരിന് നഷ്ടം: 2208/-
മറ്റ് സ്ഥാപനങ്ങൾക്ക് വരവ് നഷ്ടം: 2208/-

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രിയങ്ക.വി.എസ്, അസി.എഞ്ചിനീയർ | ലഭ്യമല്ല | പ്രിയങ്ക.വി.എസ്, വൈജയന്തി, TC.11/1665, ചാരാച്ചിറ റോഡ്, കവടിയാർ, തിരുവനന്തപുരം |

| | | |
|---|---|---|
| | | |
| ശരവണേശ്വരൻ.എൽ.ആർ, , അസി.എഞ്ചിനീയർ | ശരവണേശ്വരൻ.എൽ.ആർ, എക്സി.എഞ്ചിനീയർ, റീ ബിൽഡ് കേരള, കോട്ടയം | ശരവണേശ്വരൻ.എൽ.ആർ, ലക്ഷ്മീപുരം, പള്ളം(പി.ഒ) കോട്ടയം |
| | | |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി 21.03.2012 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5/1577/13, തീയതി 16.05.2014 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി 07.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി 15.01.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി.1-658/16, തീയതി 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.1-1483/16, തീയതി 06.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.1-614/17, തീയതി 16.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.1-320/19, തീയതി 06.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.1-180/2020, തീയതി 12.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്